ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 77 ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്.

(ബി &സി) ഇപ്പോൾ പരിഗണനയിലില്ല.

ആയുർവ്വേദ ആശുപത്രികളിലെ നേഴ്സുമാരുടെ ജോലി സമയം

125 (2680) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആയുർവ്വേദ ആശുപത്രികളിലെ നഴ്സുമാരുടെ ജോലി സമയം എത്ര മണിക്കൂർ ആണ് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രികളിലെ നഴ്സുമാരുടെ ജോലി സമയം എട്ട് മണിക്കൂർ ആയി നിജപ്പെടുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഉത്തരവ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഉത്തരവുകൾ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(സി) അലോപ്പതി വിഭാഗം നഴ്സുമാർക്ക് അനുവദിച്ചിട്ടുള്ള കോമ്പൻസേഷൻ ലീവ്, നൈറ്റ് ഓഫ് എന്നിവ അതേ രീതിയിൽ ആയുർവ്വേദ ആശുപത്രികളിലെ നഴ്സുമാർക്കും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ നേഴ്സുമാർക്ക് പകൽ ഡ്യൂട്ടി രാവിലെ 8 മുതൽ വൈകിട്ട് 5 മണിവരെയും (9 മണിക്കൂർ) രാത്രി ഡ്യൂട്ടി വൈകിട്ട് 5 മുതൽ അടുത്ത ദിവസം രാവിലെ 8 മണിവരെ (15 മണിക്കൂർ) യുമാണ്. ഭാരതീയ ചികിത്സാ വകുപ്പിൽ ജോലി സമയം 8 മണിക്കൂറിൽ കൂടുതൽ ആകുന്നുണ്ട്.

(ബി) ഉണ്ട്. ഈ ഉത്തരവുകൾ പരിഗണിച്ചുകൊണ്ട് മുന്നോ അതിൽ കൂടുതലോ നഴ്സുമാരുള്ള ആശുപത്രികളിൽ നിലവിലുള്ള ജീവനക്കാരെ വച്ച് 3 ഷിഫ്റ്റ് ഡ്യൂട്ടി നടപ്പിലാക്കുന്നതിനും രണ്ട് നഴ്സുമാർ മാത്രം ജോലി നോക്കുന്ന ആശുപത്രികളിൽ ചില സാമ്പത്തികാനുകൂല്യങ്ങൾ കൂടി പരിഗണിച്ച്, നിലവിലുള്ള ജീവനക്കാരെ വച്ച് 3 ഷിഫ്റ്റ് ഡ്യൂട്ടി നടപ്പിലാക്കുന്നതിനും ഉള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആയുർവ്വേദ ആശുപത്രികളിൽ നഴ്സുമാരുടെ എണ്ണം കുറവായതിനാൽ അലോപ്പതി നഴ്സുമാർക്ക് അനുവദിച്ചിട്ടുള്ള കോമ്പൻസേഷൻ ലീവ്, നൈറ്റ് ഓഫ് എന്നിവ അതേ രീതിയിൽ നടപ്പിലാക്കുവാൻ കഴിയുകയില്ല.

പൊതുമേഖലയിലെ ഔഷധ നിർമ്മാണ കമ്പനികൾ

126 (2681) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പൊതുമേഖലയിൽ എത്ര ഔഷധ നിർമ്മാണ കമ്പനികൾ ഉണ്ട് ;

(ബി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന് വേണ്ടി ഈ സാമ്പത്തിക വർഷം സർക്കാർ എത്ര രൂപയുള്ള ഔഷധങ്ങൾ വാങ്ങി ; അവ ഏതെല്ലാം ;

(സി) 2007-നു ശേഷം സംസ്ഥാന സർക്കാർ കെ.എസ്.ഡി.പി.-യുടെ നവീകരണത്തിന് എത്ര രൂക ചെലവാക്കി ?

ഉത്തരം

(എ) ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് എന്ന അലോപ്പതി ഔഷധ നിർമ്മാണശാലയും ഹോംകോ (Homco) എന്ന ഹോമിയോപ്പതി ഔഷധനിർമ്മാണ ശാലയും, ആയുർവ്വേദ മരുന്ന് ഉൽപ്പാദനത്തിനായി 'ഔഷധി' എന്ന സ്ഥാപനവും കേരളത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നു.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ 17.28 കോടി രൂപയുടെ ഓർഡർ നൽകിയിട്ടുണ്ട്. നൽകിയ മരുന്നുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2007-നു ശേഷം 19.86 കോടി രൂപ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ നവീകരണത്തിനുവേണ്ടി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly